*പത്രക്കുറിപ്പ്* *29.03.2017*

**ബിനാലെ സമാപനദിനം നിയമസഭാ സ്പീക്കർ,**

**എൻഎസ് മാധവൻ, മേയർ എന്നിവരടക്കം വൻ ജനത്തിരക്ക്**

കൊച്ചി: സാർവലൗകികമാണ് ബിനാലെ തരുന്ന അനുഭവമെന്ന് പ്രശസ്ത സാഹിത്യകാരൻ എൻ എസ് മാധവൻ. ബിനാലെയുടെ സമാപനദിവസം പ്രദർശനങ്ങൾ കാണാനെത്തിയതായിരുന്നു അദ്ദേഹം. നിയമസഭാ സ്പീക്കർ പി ശ്രീരാമകൃഷ്ണൻ, കൊച്ചി മേയർ സൗമിനി ജെയിൻ എന്നിവരും ബിനാലെ പ്രദർശനങ്ങളുടെ സമാപനദിനത്തിന് സാക്ഷ്യം വഹിക്കാനെത്തിയിരുന്നു.

കാഴ്ചയിലൂടെയാണ് ബിനാലെ ആദ്യം അനുഭവിച്ചത്. പിന്നീട് കലയിലൂടെ സഞ്ചരിച്ചു. അതിനു ശേഷം ശബ്ദം, ദൃശ്യം എന്നിവയിലൂടെയുള്ള വിവിധങ്ങളായ അനുഭവമാണ് ബിനാലെ സമ്മാനിച്ചതെന്ന് എൻ എസ് മാധവൻ പറഞ്ഞു.

സാരഥികളായ ബോസും റിയാസും ബിനാലെയെ കൊച്ചിയിലേക്ക് കൊണ്ടു വന്ന് പുതിയൊരു കലാസ്വാദന അനുഭവം ജനങ്ങൾക്ക് സമ്മാനിച്ചു. രണ്ടാം പതിപ്പിൽ ക്യൂറേറ്റർ ജിതേഷ് കല്ലാട്ട് അതിന് സാർവദേശീയമായ മാനം നൽകി. അത് സുദർശൻ ഷെട്ടിയിലെത്തിയപ്പോൾ ബിനാലെ ലോക കലാഭൂപടത്തിൽ തന്നെ ഇടം പിടിക്കുന്ന ഒന്നായി മാറിയിരിക്കുന്നുവെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി.

സർഗ്ഗാത്മകതയ്ക്ക് ബിനാലെ നൽകുന്ന സ്വാതന്ത്ര്യം പ്രശംസനീയമാണെന്ന് നിയമസഭാ സ്പീക്കർ പി ശ്രീരാമകൃഷ്ണൻ പറഞ്ഞു. സത്യസന്ധമായ കലാവിഷ്കാരം നടത്താനുള്ള സ്വാതന്ത്ര്യമാണ് കലാകാരൻ എന്നും കൊതിക്കുന്നത്. അത് നൽകാൻ ബിനാലെയ്ക്കായി എന്നും അദ്ദേഹം പറഞ്ഞു.

കലയിൽ മാത്രമല്ല കൊച്ചിയുടെ പ്രാദേശിക സമ്പദ്വ്യവസ്ഥയ്ക്ക് ബിനാലെ നൽകിയ സംഭാവന കുറച്ചു കാണാനാവില്ലെന്ന് മേയർ സൗമിനി ജെയൻ ചൂണ്ടിക്കാട്ടി. കഴിഞ്ഞ 108 ദിവസമായി ഫോർട്ട്കൊച്ചിയിലും പരിസരപ്രദേശങ്ങളിലും എല്ലാ വിധ വാണിജ്യമേഖലയ്ക്കും ബിനാലെ കാരണം നേട്ടമുണ്ടായി എന്നും മേയർ പറഞ്ഞു.

*1/1903, Kunnumpuram, Fort Kochi, Kerala –682 001, India. Tel: +91 484 2215287, +91 484 2215297(Fax) Email: info@kochimuzirisbiennale.org*
*kochimuzirisbiennale.org*